"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിജ്ഞാന കേരളം ജനകീയ ക്യാമ്പയിൻ - മെഗാ ജോബ്ഫെയർ ഉൾപ്പടെയുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മലപ്പുറം ജില്ലയിൽ ഒഴികെയുള്ള തദ്ദേശസ്ഥാപനങ്ങളിൽ ഇന്റേൺസിനെ നിയമിക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1403/2025/LSGD തീയതി,തിരുവനന്തപുരം, 05-06-2025

പരാമർശം:-
1. സ.ഉ.(കൈ) നം.179/2024/തസ്വഭവ; തീയതി 19.12.2024
2. സ.ഉ.(സാധാ) നം.727/2025/തസ്വഭവ; തീയതി 19.03.2025
3. കെഡിസ്ക് മെമ്പർ സെക്രട്ടറിയുടെ 24.05.2025 ലെ 1022/2025/KDISC/K-109A നമ്പർകത്ത്.

**ഉത്തരവ്**

തൊഴിൽ അന്വേഷകരായ അഭ്യസ്തവിദ്യരെ ആവശ്യമായ തയ്യാറെടുപ്പുകളോടെ തൊഴിൽമേളകളിൽ അണിനിരത്തി തൊഴിൽ ലഭ്യമാക്കുകയും, വിദ്യാർത്ഥികൾക്ക് പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട നൈപുണ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുകയും ചെയ്യുന്നതിന് ലക്ഷ്യമിട്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ജനകീയമായി നടപ്പാക്കുന്നതിന് വിജ്ഞാന കേരളം പരിപാടിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. വിജ്ഞാന കേരളം പരിപാടിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് പരാമർശം (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലും പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിലും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ജോബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. അതോടൊപ്പം, ജില്ലാ വിജ്ഞാന കൗൺസിലുകളുടെ രൂപീകരണവും നടന്നു വരുന്നുണ്ട്.

3. വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായുള്ള മെഗാ ജോബ്ഫെയർ ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഇതിനകം നടന്നിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ജോബ് ഫെയറുകൾ നടത്താനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. മറ്റ് ജില്ലകളിലും തുടർന്ന് ജോബ്ഫെയറുകൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നതിന് ജോബ്സ്റ്റേഷനുകളെയും പി.എം.യു.വിനെയും ശക്തിപ്പെടുത്തേണ്ടതുണ്ട്. ജില്ലയിലെ പ്രവർത്തനങ്ങൾ ജില്ലാ മിഷൻ കോർഡിനേറ്റർമാരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ട് പോകുന്നതിന് എല്ലാ തദ്ദേശസ്ഥാപനങ്ങളിലും അടിയന്തരമായി ഇന്റേൺസിനെ

നിയമിക്കണമെന്ന് കെഡിസ്ക് മെമ്പർ സെക്രട്ടറി പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായുള്ള മെഗാ ജോബ്ഫെയർ ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ജില്ലാ പഞ്ചായത്തുകളിൽ മൂന്ന് വീതവും, ബ്ലോക്ക് പഞ്ചായത്തുകളിൽ തങ്ങളുടെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണമനുസരിച്ച് പരമാവധി മൂന്നും, മുനിസിപ്പൽ കോർപ്പറേഷനുകളിൽ രണ്ടും, മുനിസിപ്പാലിറ്റികളിൽ ഒന്ന് എന്ന കണക്കിലും, ഇന്റേണുകളെ ഒരു വർഷത്തേക്ക് നിയമിക്കാനും, അവർക്ക് പ്രതിമാസം 15,000 രൂപ (പതിനയ്യായിരം രൂപ) ഹോണറേറിയം പ്ലാൻ ഫണ്ട്/തനത് ഫണ്ട് ഉപയോഗിച്ച് നൽകാനും, മലപ്പുറം ജില്ലയിൽ ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. ഇത്തരത്തിൽ ഇന്റേണുകളെ നിയമിക്കുന്നതിനുള്ള ഒരു പട്ടിക, കിലയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റും (സി.എം.ഡി) ചേർന്ന് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. അതിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആവശ്യമായ ഇന്റേൺസിനെ തിരഞ്ഞെടുക്കാവുന്നതാണ്. ഇത്തരത്തിൽ നിയമിക്കപ്പെടുന്ന ഇന്റേൺസിന് അന്തർദേശീയ നൈപുണ്യ പരിശീലകരായ കോഴ്സേറ, ലിങ്ക്ഡ്ഇൻ എന്നീ സ്ഥാപനങ്ങളുടെ നൈപുണ്യ പരിശീലനം സൗജന്യമായി നേടുന്നതിനുള്ള അവസരം നൽകുന്നതാണ്. ഇന്റേൺഷിപ്പ് പൂർത്തിയാകുമ്പോൾ സംസ്ഥാന സർക്കാരിൽ നിന്നുള്ള ഇന്റേൺഷിപ്പ് പൂർത്തീകരണ സർട്ടിഫിക്കറ്റും നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രെസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രെസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. മെമ്പർ സെക്രട്ടറി, KDISC
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 05-06-2025 20:25:31

സെക്ഷൻ ഓഫീസർ

പകര്പ്പ് :-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്